## കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
## ദുരന്ത മേഖലയിലെ ഇടപെടൽ
## തുടർ പ്രവർത്തനങ്ങൾ
## 31.08.2024 ന് ചേർന്ന സംയുക്തയോഗ തീരുമാനങ്ങൾ

മേപ്പാടി ഗ്രാമപഞ്ചായത്തിലും, വയനാട് ജില്ലാ ജനറൽബോഡിയിലും , നാല് റീജിയണൽ യോഗങ്ങളിലും, വിദഗ്ദ്ധരുടെ യോഗത്തിലും നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് അസോസിയേഷന് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച സംക്ഷിപ്തം സംയുക്തയോഗത്തിൽ ചർച്ച ചെയ്തു. തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

**മേപ്പാടിയിൽ**

1. വീട് നഷ്ടപ്പെട്ട ഒരു ജനപ്രതിനിധിക്ക്, വീട് വച്ച് നൽകാൻ തീരുമാനിച്ചു
2. മേപ്പാടി പഞ്ചായത്തിലെ മുൻ ജനപ്രതിനിധി ആയിരുന്ന ശ്രീമതി നിർമ്മലയും, വിവാഹ പ്രായമായ മകൾ ഒഴികെയുള്ള കുടുംബത്തിലെ മറ്റെല്ലാപേരും ഈ ദുരന്തത്തിൽ നഷ്ടപ്പെട്ടു. മകളുടെ വിവാഹത്തിന് വേണ്ട സഹായം നൽകാൻ തീരുമാനിച്ചു.
3. ഒര് അങ്കൺവാടി നിർമ്മിച്ച് നൽകാൻ തീരുമാനിച്ചു.
4. ദുരന്തത്തിൽപ്പെട്ടവർക്ക് ആ പ്രദേശത്ത് അല്ലാതെ വേറെ എവിടെയെങ്കിലും കൃഷി ഭൂമിയുണ്ടെങ്കിൽ, കൃഷി ഒരു ഉപജീവനമാക്കാൻ താൽപ്പര്യം ഉള്ളവരോ, കൂട്ടായി കൃഷി ഉപജീവനമാക്കാൻ താൽപ്പര്യമുള്ളവരോ, ഉണ്ടെങ്കിൽ അവർക്ക് പാട്ടത്തിന് ഭൂമി എടുത്ത് കൃഷി ചെയ്യാനും വേണ്ട സഹായം നൽകാം എന്ന് തീരുമാനിച്ചു.
5. **തൊഴിൽ അതിജീവനം -** ആട്, പശു എന്നിവ വളർത്തൽ ഒരു തൊഴിലായി സ്വീകരിക്കാൻ താൽപ്പര്യമുള്ള വ്യക്തികൾക്കോ ഗ്രൂപ്പുകൾക്കോ ചെറു ഫാമുകൾ തുടങ്ങാൻ വേണ്ട സഹായം പഞ്ചായത്തിന്റെ നേതൃത്വത്തിൽ കേന്ദ്ര സർക്കാർ സഹായത്തോടെ ഇത്തരത്തിൽ രണ്ടോ മൂന്നോ യൂണിറ്റ് നമുക്ക് ചെയ്ത് നൽകാവുന്നതാണ്.

**6. ദുരിതാശ്വാസ നിധി**

40% പഞ്ചായത്തുകൾ മാത്രമാണ് ദുരിതാശ്വാസ നിധിയിലേക്ക് പണമടച്ചത് സർക്കാർ ഉത്തരവ് ഉണ്ടായിട്ടും ഇത്രയും ഗുരുതരമായ ഒരു പ്രശ്നത്തിൽ നമ്മൾ ഇങ്ങനെയാണ് പ്രതികരിക്കുന്നെങ്കിൽ അത് ഒരിക്കലും ശരിയായ നടപടിയല്ല. അത് എല്ലാ പഞ്ചായത്തുകളും നൽകണം.

- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് **2024 സെപ്റ്റംബർ 15** നുള്ളിൽ എല്ലാ പഞ്ചായത്തുകളും പരമാവധി തുക അടച്ചുയെന്ന് ഉറപ്പ് വരുത്തുക.
- ജില്ലാകമ്മറ്റികൾ അടച്ച പഞ്ചായത്തുകളുടെ വിവരം ശേഖരിച്ച് ലഭ്യമാക്കണം.
- ഓഫീസ്സിൽ നിന്നും പഞ്ചായത്തുകളെ വിളിക്കാൻവേണ്ട സംവിധാനമൊരുക്കണം.

**മേപ്പാടി അടക്കം എല്ലാ പഞ്ചായത്തുകളിലും ചെയ്യേണ്ട പ്രവർത്തനങ്ങൾ**

മേപ്പാടി ഗ്രാമപഞ്ചായത്തിലുണ്ടായ ഉരുൾ പൊട്ടലിന്റെ പശ്ചാത്തലത്തിൽ ഇത്തരത്തിൽ ദുരന്ത സാധ്യതയുള്ള പഞ്ചായത്തുകളിൽ അടിയന്തിരമായി ചില പ്രവർത്തനങ്ങൾ

ഏറ്റെടുക്കാൻ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ നേതൃത്വം നൽകണമെന്ന് വയനാട്, റീജിയണൽ യോഗങ്ങളിലും, എക്സ്പേർട്ട് യോഗത്തിലും ചില നിർദ്ദേശങ്ങൾ ഉയർന്ന് വരികയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് അസോസിയേഷന് ഏറ്റെടുക്കാവുന്ന ചില പ്രവർത്തനങ്ങൾ കമ്മറ്റിതീരുമാനിച്ചു.

ദുരന്ത സാധ്യത പഞ്ചായത്തുകളുടെ ലിസ്റ്റ് സാധ്യതയുടെ സ്വഭാവം അനുസരിച്ച് KSDMA തയ്യാറാക്കിയിട്ടുണ്ട്. KSDMA യിൽ നിന്ന് ഈ ലിസ്റ്റ് വാങ്ങി ദുരന്ത സാധ്യതയുടെ സ്വഭാവം അനുസരിച്ച് പഞ്ചായത്തുകളുടെ യോഗം സംഘടിപ്പിച്ച് ചർച്ച ചെയ്യണം. ഈ യോഗത്തിൽ ഭാരവാഹികൾ, KSDMA പ്രതിനിധികൾ, വിദഗ്ദ്ധർ എന്നിവരെ കൂടി ഉൾപ്പെടുത്തണം. ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ വേണ്ട വിവരം ശേഖരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ചുവടെ കൊടുത്തിട്ടുള്ള പ്രവർത്തനങ്ങൾ ഓരോ പഞ്ചായത്തിലേയും അവിടുത്തെ പ്രാദേശിക പ്രത്യേകതകളുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കാനും നടപ്പിലാക്കാനും തീരുമാനിച്ചു.

- DM പ്ലാൻ പക്കയാക്കണം
- ERT –കൾ ശക്തമാക്കണം
- എമർജൻസി സെക്യൂരിറ്റി ഡ്രിൽ 6 മാസംകൊണ്ട് പൂർത്തിയാക്കണം.
- ഓട്ടോമെറ്റിക് വെതർ സ്റ്റേഷനുകൾ ആരംഭിക്കുകയും അതിന്റെ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗ രേഖകൾ ഉണ്ടാക്കണം.
- സാധ്യതകൾക്കും വിഭവത്തിനും അനുസരിച്ച് പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കണം.
- ERT –കൂടാതെ ഒരു പഞ്ചായത്തിൽ 100 പേരടങ്ങുന്ന വിഷയ വിദഗ്ദ്ധരെ സജ്ജമാക്കണം.

**ഇതിനായി:-**

- എമർജൻസി സെക്യൂരിറ്റി ഡ്രിൽ നടപ്പിലാക്കുന്നതിന് വേണ്ടുന്ന സിലബസ്സും രീതിശാസ്ത്രവും പ്രക്രിയയും തയ്യാറാക്കുകയും വേണ്ട പരിശീലനങ്ങൾ നൽകുകയും വേണം. കൂടാതെ ഇതിന്റെ ക്യാമ്പയിന് വേണ്ട മാർഗ്ഗരേഖയും തയ്യാറാക്കണം.
- ഓട്ടോമാറ്റിക് വെതർ സ്റ്റേഷൻ എങ്ങനെ, ആരുടെ സഹായത്തോടെ നടപ്പിലാക്കാം അതിൽ നിന്നുള്ള ഡേറ്റ എങ്ങനെയെടുക്കാം, എങ്ങനെ ആ ഡേറ്റാ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കാം എന്നതിന്റെ പ്രക്രിയയും രീതിശാസ്ത്രവും ഉൾപ്പെടുത്തി മാർഗ്ഗ രേഖ തയ്യാറാക്കണം.
- പുനരധിവാസ കേന്ദ്രങ്ങളുടെ സ്പെസിഫിക്കേഷനും പ്രവർത്തനങ്ങളും ഉൾപ്പെടുത്തി മാർഗ്ഗരേഖ തയ്യാറാക്കണം.
- ഒരു പഞ്ചായത്തിൽ 100 പേരുള്ള വിഷയ വിദഗ്ദ്ധരുടെ ഒരു ടീമിന് സജ്ജമാക്കുന്നതിനുള്ള പരിശീലന മൊഡ്യൂൾ തയ്യാറാക്കണം.
- ERT –കൾക്കുള്ള പരിശീലന മൊഡ്യൂളും പ്രവർത്തന മാർഗ്ഗരേഖയും ലഭ്യമാക്കണം.

വരുന്ന 6 മാസം കൊണ്ട് ഇതിന്റെ പല പ്രവർത്തനങ്ങളും പൂർത്തിയാക്കുന്നതിന് കഴിയണം. പരിശീലനങ്ങൾ, രീതി ശാസ്ത്രം പ്രക്രിയ എല്ലാം ദുരന്ത സാധ്യതയുടെ സ്വഭാവത്തിന് അനുസരിച്ച് വെവ്വേറെ ആയിരിക്കുന്നതാണ്.

## 1. അനുഭവ കുറിപ്പ് തയ്യാറാക്കൽ

ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് നല്ല പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ അനുഭവത്തിൽ ക്രോഡീകരിച്ച് ഒരു ലഘു പുസ്തകം തയ്യാറാക്കുന്നത് മറ്റ് പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾക്ക് ഗുണം ചെയ്യും എന്ന് തീരുമാനിച്ചു.

ഈ പ്രവർത്തനങ്ങൾ ഒരു മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ തീരുമാനിച്ചു.

**വിഭവ സമാഹരണം**

- എല്ലാ ജനപ്രതിനിധികളും അവരുടെ കഴിവിന്റെ പരമാവധി എത്ര തുക നൽകാമോ അത്രയും തുക നൽകണം. ഏറ്റവും കുറഞ്ഞത്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് 1000 വും, വൈസ് പ്രസിഡന്റ് 750 രൂപയും, സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർ പേഴ്സൺസ് 500 രൂപവീതവും, മെമ്പർമാർ 300 രൂപ വീതവും നൽകണം.
- ഓരോ പഞ്ചായത്ത് പ്രസിഡന്റും ഈ തുക ജനപ്രതിനിധികളിൽ നിന്നും ശേഖരിച്ച് നൽകണം.
- അസോസിയേഷൻ 31.08.2024 ന് ചേർന്ന യോഗ തീരുമാന പ്രകാരം പ്രത്യേക ബാങ്ക് അക്കൗണ്ട് ഓപ്പൺ ചെയ്യാനും. എല്ലാ പഞ്ചായത്തിലും കത്തും പണം അടക്കുന്നതിനുള്ള QRകോഡും അക്കൗണ്ട് നമ്പരും അയക്കാനും തീരുമാനിച്ചു.
- പണം നൽകുമ്പോൾ പഞ്ചായത്തിന്റെ പേര് രേഖപ്പെടുത്തി അയക്കണം.
- 2024 ഒക്ടോബർ 10 നുള്ളിൽ പണം ശേഖരിച്ച് പൂർത്തിയാക്കാൻ കഴിയണം.
- പഞ്ചായത്തുകളിലേക്ക് കത്ത് അയച്ചാൽ ഉടൻ ഓഫീസ്സിൽ നിന്നും പഞ്ചായത്ത് പ്രസിഡന്റ്മാരെ വിളിക്കാൻ സംവിധാനമുണ്ടാക്കണം.
- അതത് ജില്ലാ അസോസിയേഷനുകളും ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും കോർഡിനേഷൻ നടത്തുകയും വേണം.
- ഓരോ ജില്ലാ എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾക്കും പഞ്ചായത്തിന്റെ ചുമതല നൽകണം.
- ജില്ലാ ജനറൽബോഡികളും ബ്ലോക്ക് തല യോഗങ്ങളും ചേർന്ന് ഈ പ്രവർത്തനങ്ങൾ വിശദീകരിക്കണം. ജില്ലാ ജനറൽ ബോഡികളിൽ വൈസ് പ്രസിഡന്റ്മാരെ കൂടി ക്ഷണിക്കണം. ബ്ലോക്ക്തല ജനറൽബോഡികളിൽ എല്ലാ മെമ്പർമാരേയും ക്ഷണിക്കണം.
- ഒക്ടോബർ 15 ന് വർക്ക് ആരംഭിക്കാൻ കഴിയുന്ന തരത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.
- എത്രയും വേഗം പണി പൂർത്തിയാക്കി നൽകണം. അതിന്റെ മേൽനോട്ടം വയനാട് ജില്ലാ കമ്മറ്റി വഹിക്കണം.

വിശ്വസ്തതയോടെ

Usha

കെ.എം. ഉഷ
പ്രസിഡന്റ്

കെ.സുരേഷ്
ജനറൽ സെക്രട്ടറി